ഡോക്ടർമാരുടെ സ്വയം വിരമിക്കലും അവധിയെടുക്കലും

50 (6203) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ പലരും സ്വയം വിരമിക്കുന്നതും നീണ്ട അവധിയിൽ പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും എത്ര ഡോക്ടർമാർ നീണ്ട അവധിയിൽ പ്രവേശിച്ചു എന്നും എത്ര ഡോക്ടർമാർ സ്വയം വിരമിക്കൽ വാങ്ങിയിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാർക്ക് പുതിയ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനുശേഷം ഈ പ്രവണത കുറഞ്ഞു വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശഷം 5 ഡോക്ടർമാർ പഠനാവശ്യങ്ങൾക്കായി ശമ്പളരഹിത അവധിയിൽ പ്രവേശിച്ചു. 2 പേർക്ക് ആരോഗ്യപരമായ കാരണങ്ങളാൽ സ്വയം വിരമിക്കൽ അനുവദിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ പ്രകാരമുള്ള ട്രാൻസ്ഫറും പോസ്റ്റിംഗും

51 (6204) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ പ്രകാരമുള്ള ട്രാൻസ്ഫറും പോസ്റ്റിംഗും പൂർത്തിയായി കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ ആശുപത്രികളിലും ഇതിനു ശേഷം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര തസ്തികകൾ അവ എത്ര നാൾക്കകം നികത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്പെഷ്യാലിറ്റി കേഡർ പ്രകാരമുള്ള പോസ്റ്റിംഗ് പൂർത്തിയായിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിന് കീഴിലുള്ള ചില ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ ഒഴിവുകൾ കണക്കാക്കി വരുന്നതേയുള്ളു. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ലഭ്യത അനുസരിച്ച് ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ

52 (6205) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്തെ ഏതെല്ലാം നിലവാരത്തിലുള്ള ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി-അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുകൊണ്ടുള്ള ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പി. എച്ച്. സി. കളിലും, സി. എച്ച്. സി. കളിലും ഈ സമ്പ്രദായം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന മാറ്റം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-1-2007-ൽ സംസ്ഥാനത്തെ 100 കിടക്കകളിലധികമുള്ള എല്ലാ ആശുപത്രികളിലും ലെപ്രസി സാനിട്ടോറിയങ്ങൾ, റ്റി.ബി. സെന്ററുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, നെഞ്ചുരോഗാശുപത്രി ഉൾപ്പെടെ സംസ്ഥാനത്തെ 118 സ്ഥാപനങ്ങളിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുതൽ ജില്ലാ മെഡിക്കൽ ആഫീസ് വരെയുള്ള സ്ഥാപനങ്ങളിലുമാണ് സ്പെഷ്യാലിറ്റി/അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കിയത്.

(ബി) 1. പൊതുജനങ്ങൾക്കും, പാവപ്പെട്ട രോഗികൾക്കും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം പൂർണ്ണമായി ലഭിക്കുന്നു.

2. സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിലും കിടക്കകളുടെ അടിസ്ഥാനത്തിൽ വിവിധ സ്പെഷ്യലിസ്റ്റുകളുടെ ലഭ്യത ഏകീകരിക്കുവാൻ കഴിഞ്ഞു.

3. ആശുപത്രി സൂപ്രണ്ടുമാരായി അഡ്മിനിസ്ട്രേറ്റീവ് കേഡർ മെഡിക്കൽ ആഫീസർമാർ നിയമിക്കപ്പെടുന്നതോടെ സ്ഥാപനത്തിന്റെ കാര്യക്ഷമതയും പ്രവർത്തനങ്ങളും മെച്ചപ്പെടുന്നു. മുഴുവൻ സമയ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് എന്നീ ചുമതലകളിൽ ആഫീസർമാർ ലഭ്യമാകുന്നു.

4. കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരായി ജനറൽ കേഡറിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനം രോഗികൾക്കും അത്യാഹിത വിഭാഗത്തിനും ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly